# ഇടയനാലച്ചന് മറുപടി

'മലങ്കര അന്ത്യോഖ്യാ ബന്ധം എന്നുള്ളത് അവസാനിച്ചിരിക്കുന്നു', 'സഭ പരിപൂർണ്ണ സ്വാതന്ത്രമാണ് ', കോട്ടയം കാതോലിക്കയുടെ മുകളിൽ 'ആകാശത്തിലുള്ള ബാവ ' മാത്രം എന്നിങ്ങനെ ആവർത്തിച്ച്പ്രചരിപ്പിക്കുന്ന ചില വാറോലകൾ നമുക്ക് ചുറ്റും വിതരണം ചെയ്യപ്പെടുന്നു്. 'അന്ത്യോഖ്യാ വിശ്വാസം' രക്തത്തിലലിഞ്ഞ് ചേർന്നിരിക്കുന്ന സത്യവിശ്വാസികളിൽ ആശയക്കുഴപ്പം സൃഷ്ടിക്കുക എന്നുള്ളത് മാത്രമാണ് ഈ വാറോലകൾക്ക് പിന്നിലെ ഏക ലക്ഷ്യം. കാഥികനും യാക്കോബായ സഭയിൽ ജനിച്ച് വളർന്നവനും , ഇപ്പോൾ ഓർത്തഡോക്സ് വിഭാഗത്തിന്റെ മുന്നണിപ്പോരാളിയുമായിരിക്കുന്ന ഫാ. മത്തായി ഇടയനാൽ എഴുതിയ 'മലങ്കര സഭയിലെ കക്ഷി വഴക്ക്' (2004) എന്ന പുസ്തകം അത്തരത്തിലൊന്നാണ്. ഈ പുസ്തകത്തിന്റെ ഏകദേശം ഇരുപതിനായിരത്തോളം കോപ്പികൾ ഈ അച്ചൻ കനാട്, അങ്കമാലി ഭദ്രാസനങ്ങൾക്കുള്ളിൽ സൗജന്യമായിത്തന്നെ വിതരണം ചെയ്തു. അസത്യങ്ങളും അർദ്ധ സത്യങ്ങളുമടങ്ങിയിരിക്കുന്ന ഈ പുസ്തകത്തിനൊടുവിൽ ബഹു. അച്ചന്റെ ഒരു വെല്ലുവിളിയു്. അതായത് താൻ എഴുതിയിരിക്കുന്നത് എന്തെങ്കിലും തെറ്റാണെന്ന് തെളിയിക്കുന്ന പക്ഷം ഓർത്തഡോക്സ് സഭയിൽ നിന്നും രാജി വയ്ക്കുവാൻ തയ്യാറാണത്രെ. രാജി വയ്ക്കുമോ ആവോ ?

'ഓർത്തഡോക്സ് യൂത്ത് ഫോറം പാമ്പാക്കുട' യുടെ പേരിൽ ഇറക്കിയിരിക്കുന്ന 'മലങ്കര സഭയിലെ കക്ഷി വഴക്ക് , എന്താണ് യാഥാർത്ഥ്യം?' എന്നതാണ് രാമത്തെ പുസ്തകം സൗജന്യമായി വിതരണം ചെയ്തിരിക്കുന്ന ഈ പുസ്തകം കിട്ട് ഈയുള്ളവൻ അത്ഭുതപ്പെട്ടു. ഇടയനാലച്ചന്റെ പുസ്തകം, കോനാട്ടച്ചന്റെ കുഞ്ഞുങ്ങൾ അതേ പടി പകർത്തി സ്വന്തം പേരിലിറക്കിയിരിക്കുന്നു , പുസ്തകത്തിലെങ്ങും ഇടയനാലച്ചനോട് ഒരു നന്ദി വാക്കു പോലും ഇല്ല. പക്ഷേ ഒന്നാം പേജൊഴികെ ബാക്കി മുഴുവൻ ഒന്നാം തരം കോപ്പിയടി. സഭാ സ്രഷ്ടാവായ വട്ടശേരിൽ തിരുമേനിയെ വരെ തിരുത്തുന്ന ഈ കൂട്ടങ്ങൾക്ക് നന്ദി എന്ന സംഗതി പദ ഇല്ല. ഇനി ഈ പുസ്തകങ്ങളിലേക്ക് കടക്കട്ടെ, ഒന്ന്,ര് പേജുകളിലെഴുതിയിരിക്കുന്നതിനെക്കുറിച്ച്, അതായത് 1912 ലെ കാതോലിക്ക വാഴ്ചയെക്കുറിച്ച്, ഓർത്തഡോക്സ് സഭയുടെ അമേരിക്കൻ ഭദ്രാസന മെത്രാപ്പൊലീത്ത , സക്കറിയാസ് മാർ നിക്കോളാസ് എഴുതിയിരിക്കുന്നത് വായിക്കുക. 'This Pseudo establisahment of the Catholicate by a deposed Patriach for a party of an excommunicated has to be seen as an assertion of parochialism against Catholocity' അതായത് 'സ്ഥാനഭ്രഷ്ടനാക്കപ്പെട്ട ഒരു പാത്രിയാർക്കീസിനാൽ മുടക്കപ്പെട്ട ഒരു കക്ഷിക്ക് വേി നടത്തിയ കാതോലിക്കേറ്റിന്റെ സ്ഥാപനം (സഭയുടെ) കാതോലീകത്വത്തിന് വിരുദ്ധമായ സങ്കുചിതത്തിന്റെ ഊന്നൽ മാത്രമായി കാണണം.' (Excelsior 1990)' പട്ടത്വസ്ഥാനത്തിന്റെ സാധ്യത അനുസ്യൂത കൈവെയ്പിലൂടെ ആയിരിക്കണം എന്ന വി് വിശ്വാസമില്ലാത്ത C.S.I. സഭയിലെ മോഡേറ്റർ അടങ്ങിയ ഏതാനും ബിഷപ്പുമാർ ചേർന്ന് കേരളത്തിൽ ഒരു സുവിശേഷകൻ കെ.പി.യോഹന്നാനെ അവരുടെ സിനഡിന്റെ അനുമതി കൂടാതെ മെത്രാനായി വാഴിച്ചതുപോലും അംഗീകരിക്കുവാൻ ആർക്കും കഴിഞ്ഞിട്ടില്ല. ഈ പശ്ചാത്തലത്തിൽ വേണം അബ്ദുൾ മിശിഹ പാത്രിയാർക്കീസിന്റെ അകാനോനികമായ നടപടിയെ ഓർത്തഡോക്സ് പശ്ചാത്തലത്തിൽ വിലയിരുത്തുവാൻ.

അബ്ദുൾ മിശിഹ പാത്രിയർക്കീസിന്റെ കമ്പറിടം സ്ഥിതിചെയ്യുന്നത് കുർക്കുമാ ദയറായിലാകയാൽ അദ്ദേഹം കനോനിക പാത്രിയർക്കീസാണെന്നും, അബ്ദുള്ള പാത്രിയർക്കീസിന്റേത് എവിടെയാണെന്ന് ആർക്കുമറിയില്ലെന്നും ഇടയനാലച്ചൻ തന്റെ പുസ്തകത്തിൽ തട്ടി വിട്ടിരിക്കുന്നത് പാമ്പാക്കുടയിലെ 'യൂത്ത് ഫോറം ' ചേർത്തിട്ടില്ല. എന്നാൽ അബ്ദുൾ മിശിഹ പാത്രിയർക്കീസിനെ കബറടക്കിയിരിക്കുന്നത് പാത്രിയർക്കീസിൻമാരെ അടക്കുന്ന നിരയിലല്ല. മറിച്ച് ദയറാക്കാരെ കബറടക്കുന്ന നിരയിലാണെന്ന് ഓർത്തഡോക്സ് വൈദികനായ ഡോ. കുര്യാക്കോസ് കോർ എപ്പിസ്കോപ്പ, തോട്ടുപുറം പ്രസ്താവിച്ചിരിക്കുന്നു. (Indian Orthodox Herald Vol.1 No.44 ; 15th may 2005 Page 5 ) അബ്ദുള്ള പാത്രിയർക്കീനെ കബറടക്കിയിരിക്കുന്നത് ജെറുശേലേമിലെ മാർക്കോസിന്റെ ദയറായിലാണ്. (അവലംബം : Encyclopaedic dictionary of syriac hertage). എന്നാൽ വൈദേശികആധിപത്യത്തിൽ നിന്ന് മലങ്കരസഭയെ രക്ഷിച്ച വട്ടശ്ശേരി മെത്രാച്ചനെ അടക്കം ചെയ്തിരിക്കുന്നത് പഴയ സെമിനാരി ചാപ്പലിൽ ആണെന്നാണ് സാധാരണ പറയുന്നത്. എന്നാൽ വാസ്തവം ചാപ്പലിന്റെ ചായ്പ്പിലാണ് അടക്കപ്പെട്ടിരിക്കുന്നത് എന്നല്ലേ?

1958 ൽ ഗത്യന്തരമില്ലാതെ പാത്രിയാർക്കീസ് വിഭാഗം സമാധാനത്തിന് തയ്യാറായി എന്നൊക്കെ മേൽപ്പടി വാറോലയിൽ എഴുതിപ്പിടിപ്പിച്ചിരിക്കുന്നു. പക്ഷേ അതിനും എത്രയോ നാൾ മുമ്പു തന്നെ 1957 നവം.ബർ 11 ന് നമ്പർ 82 കൽപ്പനയായി സഭായോജിപ്പിന് വേി പരിശുദ്ധ അന്ത്യോഖ്യാ പാത്രിയാർക്കീസ് കൽപ്പന അയച്ചിരുന്നു. 1958 ന് മുൻപുള്ള കേസുകളിൽ യാക്കോബായ വിഭാഗത്തിനായിരുന്നു വിജയം എന്ന് കൂടി ഓർക്കണം. പിന്നെ 1958 ലെ പരസ്പര സ്വീകരണകല്പനകളുടെഉള്ളടക്കം എന്തായിരുന്നുവെന്ന് മുൻകൂട്ടി വെളിപ്പെടുത്തി യിരുന്നതുമില്ലല്ലോ ?

1964 –ലെ കാതോലിക്കാവാഴ്ചയിൽ, പൗരസ്ത്യകാതോലിക്കാ ഔഗേൻ പ്രഥമൻ ബാവാ വായിച്ച സത്യപ്രതിജ്ഞ നോക്കുമ്പോൾ ബഹു: അച്ചന്റെ പുസ്തകത്തിൽ പറയുന്ന ചിലകാര്യങ്ങളെക്കുറിച്ച് സംശയങ്ങൾ തോന്നുന്നു.

"I the feeble and meek Ougen Mor Themothios, chosen for ecclesiastical office of the Catholicose, confess my belief before this synod and before the Head of this Synod H.H. Moran Mor Ignatius Yacob III, Patriarch of Antioch and all the East, that the Patriarch is my Head, that I accept from St. Peter, the Head of the Holy Apostles upto your Holiness all the canonical Patriarchs who have reigned on your Holiness's throne and all those who come after Your Holiness. Once again I repeat my cannonical connection with the Holy throne on Antioch I swear that I shall not depart from this solemn faith."( Illustrated weekly of India Dec. 21-27,1975)

"കാതോലീക്ക സ്ഥാനത്തേയ്ക്ക് തെരെഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ബലഹീനനും എളിയവനുമായ ഔഗേൻ മോർ തിമോത്തിയോസ് എന്ന ഞാൻ പരിശുദ്ധ മദ്ബഹായുടെ മുമ്പാകെയും ഈ സുന്നഹദോസിന്റെ മുമ്പാകെയും ഈ സുന്നഹദോസിന്റെ തലവനായ അന്ത്യോഖ്യായുടെയും പൗരസ്ത്യദേശം മുഴുവന്റെയും പത്രിയർക്കീസായ നിദാന്ത വന്ദ്യ ദിവ്യ മഹാമഹിമ ശ്രീ മോറോൻ മോർ ഇഗ്നാത്യോസ് യാക്കോബ് തൃതിയന്റെ മുമ്പാകെയും എന്റെ തലവൻ പാത്രിയർക്കീസാണെന്നും പരിശുദ്ധശ്ലീഹന്മാരുടെ തലവനായ മോർ പത്രോസ് മുതൽ അങ്ങുവരെയുള്ള അങ്ങയുടെ പരിശുദ്ധ സിംഹാസനത്തിൽ വാണിട്ടുള്ളവരും അങ്ങേയ്ക്ക് ശേഷം

ഇനി വാഴുന്നവരുമായ എല്ലാ കാനോനിക പാത്രിയർക്കിസന്മാരെയും സ്വീകരിക്കുകയും ചെയ്യുന്നുവെന്നും ഞാൻ വിശ്വസിച്ച് ഏറ്റുപറയുന്നു. അന്തോഖ്യയുടെ പരിശുദ്ധ സിംഹാസനവുമായുള്ള എന്റെ ബന്ധം ഒരിക്കൽകൂടി ഞാൻ ഏറ്റുപറയുന്നു. ഈ സത്യ പ്രതിജ്ഞയിൽ നിന്ന് ഒരുനാളും ഞാൻ വിട്ടുപോകുന്നതല്ലെന്ന് ഇതിനാൽ ദൈവതിരുമുമ്പാകെ ഭക്തിപുരസരം ആണയിട്ട് പറയുന്നു.'' (മലയാളമനോരമ 1964 മെയ് 23 ശനി പേജ് 3.)

'എന്റെ തലവൻ പാത്രിയാർക്കീസ്' ആണ് എന്ന് വിശുദ്ധ മദ്ബഹായെയും, പരി: സുന്നഹദോസിനെയും പിടിച്ച് അദ്ദേഹം ആണയിടുന്നു. 1958- ലെ പരസ്പരസ്വീകരണം 1934- ലെ ഭരണഘടനാവ്യവസ്ഥകൾ അനുസരിച്ചായിരുന്നുവെങ്കിൽ അതിനനുസരിച്ചുള്ള ഒരു പ്രതിജ്ഞ മതിയായിരുന്നുവല്ലോ. എന്തിന് പരി. അന്ത്യോഖ്യസിംഹാസനത്തോട് വിധേയത്വം പ്രഖ്യാപിക്കുന്ന തരത്തിൽ പ്രതിജ്ഞയെടുക്കണം?

എങ്കിലും ബഹു: അച്ചൻ പറഞ്ഞിരിക്കുന്നത് സത്യമാണെന്നാണ് ഓർത്തഡോക്സ് ഗ്രന്ഥകാരനായ ശ്രീ. Z. M. പാറേട്ട് അഭിപ്രായപ്പെടുന്നത്. നോക്കൂ "മലങ്കരസഭയിൽ സമാധാനം സ്ഥാപിക്കേതിലേക്കായി ഇതിനാൽ മാർ ബസ്സേലിയോസ് ഗീവർഗ്ഗീസ് ദ്വിതിയനെ കാതോലിക്കയായി നാം സ്വീകരിച്ചിരിക്കുന്നു വെന്ന് പാർത്രിയാർക്കീസ് പ്രഖ്യാപനം ചെയ്തു" "സഭയിലെ സമാധാനത്തിനുവേി ഭരണഘടനക്ക് വിധേയമായി ഇഗ്നാത്തിയോസ് യാക്കോബിനെ അന്തിയോഖ്യാ പാത്രിയാർക്കീസ് ആയി സ്വീകരിക്കുന്നതിന് നാം പ്രസാദിച്ചിരിക്കുന്നു.'' എന്ന് കാതോലിക്കോസും പ്രഖ്യാപിച്ചു. (മലങ്കരയും അന്ത്യോഖ്യായും പേജ് 50) അതായത് പ്രധാന മന്ത്രിയെ അംഗീകരിക്കുവാൻ ഭരണഘടനപ്രകാരം മുഖ്യമന്ത്രി സമ്മതിച്ചിരിക്കുന്നു എന്ന്. കൊള്ളാം 1958 -ൽ തന്നെ അസമാധാനത്തിന്റെ വിത്ത് പാകപ്പെട്ടിരിക്കുന്നു.

## 203/70 നമ്പർ കൽപന

ബഹു: അച്ചൻ ഒരു യഥാർത്ഥ ഓർത്തഡോക്സ്കാരൻ തന്നെ 203/70 നമ്പർ കല്പനയിൽ മാർത്തോമ ശ്ലീഹയുടെ പട്ടത്വം ഇല്ലായെന്ന് എഴുതിയെങ്കിൽ എന്ത് കൊ് 1970 ഡിസംബർ 31 വരെ ആരും അതിനെ എതിർത്തില്ല? കിടയറ്റ സുറിയാനി പണ്ഡിതരായിരുന്ന ഔഗേൻ കാതോലിക്ക ബാവയ്ക്കും നിയുക്ത കാതോലിക്ക ബാവയ്ക്കും അത് വായിച്ച് മനസിലാക്കുവാൻ കഴിഞ്ഞിരുന്നില്ലേ?

ഈ കല്പനയെ കുറിച്ച് യാക്കോബ് ത്രിതിയൻ പാത്രിയാർക്കീസ് തന്നെ 17/75-ാം നമ്പർ കല്പനയിൽ പറയുന്നു.

"Infact we sent a Private communication to the Catholicose about three years ago when the Catholicose himself wrote to us about the reigning the so called throne of St. Thomas in India, in the firm belief that the Catholicose would realise his mistake and correct himself. But we were made to under stand that our communication to the Catholicose No. 203/1970 was given wide publicity as though we had levelled some critisism against Apostle St. Thomas".

കൽപ്പനയെക്കുറിച്ച് ചിലകാര്യങ്ങൾ

(അ) 203/1970-ാം നമ്പർ കിട്ടിയകാലത്ത് അത് പാത്രിയർക്കവിരുദ്ധത പ്രചരിപ്പിക്കുവാൻ ഉപയോഗിച്ചിട്ടില്ല.

(ബി) 1970 ഡിസം 31 വരെ ഇത് 'വേദവിപരീതം' എന്ന നിലയിൽ സഭാ നേതൃത്വം ക ിട്ടില്ല.

(സി) മാർത്തോമ സിംഹാസന വാദത്തിന്റെ അസംഗത്യം ചൂികാണിക്കുന്ന കല്പനകളിൽ ഒന്നു മാത്രമാണത്.

(ഡി) നമ്മുടെ കാവൽ പിതാവായ മാർത്തോമ ശ്ലീഹയുെ സ്ഥാന മഹത്വത്തിന് കുറവ് വരുന്ന യാതൊന്നും പാത്രീയാർക്കീസ് ബാവ മാർഗ്ഗ നിർദ്ദേശമായി മലങ്കര സഭാംഗങ്ങൾക്ക് നൽകിയിട്ടില്ല.

(ഇ) എല്ലാ വിവാദങ്ങൾക്കും, സംശയങ്ങൾക്കും അന്ത്യം കുറിച്ചു കൊ് പരിശുദ്ധ ഇഗ്നാത്യോസ് സാഖാ പ്രഥമൻ ബാവായുടെ 265/87-ാം നമ്പർ കല്പന വഴിയായി 'നമ്മുടെ കാവൽ പിതാവായ മാർത്തോമ ശ്ലീഹയുടെ' നാമവും നാലാം തുബ്ദേനിൽ മാർ പത്രോസ്, മാർ പൗലോസ് എന്നീ ശ്ലീഹരൊടോപ്പം പരസ്യ പ്രാർത്ഥനയിൽ അനുസ്മരിച്ച് ആദരിക്കുവാനും മദ്ധ്യസ്ഥയിൽ അഭയപ്പെടുവാനും നിർദ്ദേശിച്ചു. ഇതോടെ മാർത്തോമശ്ലീഹയുടെ സ്ഥാനമാനത്തേക്കുറിച്ചുള്ള സഭയുടെ നിലപാട് ആവർത്തിച്ച് വ്യക്തമാക്കി.

എന്നാൽ മാർത്തോമ ശ്ലീഹയുടെ സിംഹാസത്തിൽ ആരുഢരായിരിക്കുന്നവർ ഈ തുബ്ദേൻ പരിഷ്കാരം നടപ്പിൽ വരുത്തിയത് 2000 – ആഗസ്റ്റിൽ പ്രസിദ്ധീകരിച്ച വി. കുർബാന ക്രമത്തിൽ മാത്രം (1947 ധനു 3-ലെ ഗീവർഗ്ഗീസ് ദ്വിതിയൻ ബാവായുടെ കല്പന പ്രകാരം?) സോറി, തുബ്ദേനിൽ എന്തിരിക്കുന്നു?.

## മാർതോമായുടെ സിംഹാസനം പുതിയ സൃഷ്ടി തന്നെ!

<u>1934-</u> ലെ ഭരണഘടനയിൽ മാർത്തോമയുടെ സിംഹാസനത്തെപ്പറ്റി പറഞ്ഞിട്ടുാേ?

1912– ൽ അബ്ദുൾമിശിഹാ പാത്രീയർക്കീസ് സ്വന്തം നിലയിൽ കാതോലിക്കേറ്റ് സ്ഥാപനം നടത്തിയപ്പോൾ മാർത്തോമയുടെ സിംഹാസം, സ്വതന്ത്രസഭ എന്നിവയെക്കുറിച്ച് യാതൊരു സൂചനകളും നടത്തിയിട്ടില്ല. 1958 -ൽ സഭാസമാധാന സ്ഥാപനവസരത്തിലെ കല്പനയിൽ തലക്കെട്ടിൽ സൂചിപ്പിച്ചിട്ടുള്ളതല്ലാതെ ഇതരസൂചനകൾ ഇല്ല. തലക്കെട്ടിലെ സിംഹാസന പ്രയോഗം ബസേലിയോസ് ഗീവർഗ്ഗീസ് ദ്വിതിയൻ തന്നെ മിക്കവാറും ഉപേക്ഷിച്ചു. ഉദാഹരണം 61/60-ാം നമ്പർ കല്പന, 37/60 നമ്പർ കല്പന. 1964 -ന് ശേഷം 1970 വരെ ഔഗേൻ ബാവ ഇങ്ങനെ ഒരു അവകാശവാദം ഉന്നയിക്കുകയോ പൊതുകല്പനകളിൽ എഴുതുകയോ ചെയ്തിട്ടില്ല.

റാക്കാട് പള്ളിയിലെ ലിഖിതം ബഹു: അച്ചൻ എഴുതിയിരിക്കുന്നത് പോലെ തന്നെയാണോ? "യാക്കൂബ് രാമനായ മോർ ഇഗ്നാത്തിയോസ് പാത്രിയർക്കീസിന്റെയും, ബസേലിയോസ് ബഹനാം മപ്രിയാനായുടെയും (കാതോലിക്ക) മലങ്കരയുള്ള തോമാശ്ലീഹായുടെ സിംഹാസനത്തിൻമേൽ വാഴുന്ന കൂറിലോസ് യൂയാക്കീമിന്റെയും കാലത്ത്, 1857 -ൽ വലിയനോമ്പിന്റെ മധ്യമായ മീനമാസം 13 -ാം തീയതി അഞ്ചാം പാത്രിയർക്കീസായ ഊർശ്ലേമിലെ മോർ ഗ്രീഗോറിയോസ് അബ്ദേസുഹ്റോ മെത്രാപ്പോലീത്താ ഈ പള്ളിയിൽ എത്തി" എന്നല്ലേ?

അന്ത്യോഖ്യാ പ്രതിനിധിയായി ഇൻഡ്യയിൽ സേവനം അനുഷ്ഠിച്ച മോർകൂറിലോസ് യൂയാക്കീം, മോർ തോമാശ്ലീഹായുടെ സഭയിൽ ഭരണം നടത്തുന്നു, എന്ന ഈ ലിഖിതം അന്ത്യോഖ്യയിൽ നിന്നും സ്വാതന്ത്ര്യം പ്രാപിക്കുവാനുള്ള രേഖയായി പരിഗണിക്കുന്നത് ശരിയാണോ?

'സിംഹാസനം എന്ന് പറയുന്നത് അപ്പസ്തോലിക പിന്തുടർച്ച ആണ്.', എന്ന ബഹു: അച്ചന്റെ വാദം മനസിലാകുന്നില്ല. പാമ്പാക്കുട നമസ്കാരത്തിലെ കല്പന വായിച്ചു നോക്കി. മാർത്തോമായുടെ ഇടവകയിലുള്ള എന്ന വാക്കാണല്ലോ അങ്ങ് സ്വന്തം വാദത്തിന് ബലം നൽകുവാൻ ഉപയോഗിക്കുന്നത്. ഇടവക (മറയീസോ) എന്ന വാക്കിന് ഇടവകസഭ (ഈത്തോ) എന്ന് 100 തവണ മാറ്റിപ്പറഞ്ഞാലും, പഠിപ്പിച്ചാലും ഇടവക, ഇടവക തന്നെ.

**മാർതോമായുടെ സിംഹാസനം സൃഷ്ടിച്ചതിന്റെ വിവിധ ഘട്ടങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു.**

**അന്ത്യോഖ്യാപ്രതിനിധി**

മലങ്കരയിലെ പാത്രിയർക്കാപ്രതിനിധിയായി അപ്രേം ആബൂദിയെ 1964 മുതൽ തന്നെ മലങ്കര സഭാനേതൃത്വം അംഗീകരിച്ചിരുന്നു എന്ന് ബഹു: അച്ചൻ മനസ്സിലാക്കുക. 1967 മിഥുനം 29 ന് ഔഗേൻ ബാവാ സുറിയാനിയിൽ അദ്ദേഹത്തിന് അയച്ച കത്തിൽ എഴുതിയിരിക്കുന്നത് പാത്രിയാർക്കീസിന്റെ സ്ഥാനപതിയെന്നാണ്.

ബാഹ്യകേരള ഭദ്രാസന മെത്രാപ്പോലീത്താ ആയിരുന്ന മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തന്റെ No. 51/67 dtd. 09-02-1967 -ലെ കത്തിലും അദ്ദേഹത്തെ സംബോധന ചെയ്തിരിക്കുന്നത് Patriarchal Representative എന്നാണ്. വാകത്താനം ഗീവർഗീസ് റമ്പാൻ (പിന്നീട് കാതോലിക്ക പക്ഷത്തെ ഗീവർഗീസ് ദ്വിതീയൻ കാതോലിക്ക) 1907 –ാം മ് പ്രസിദ്ധീകരിച്ചിരിക്കുന്ന "മലങ്കര ഇരുന്നിട്ടുള്ള അന്ത്യോഖ്യാ സ്ഥാനപതികൾ" ദയവായി നോക്കുവാൻ അഭ്യർത്ഥിക്കുന്നു. 1665 മുതലുള്ളവരുടെ ലിസ്റ്റ് ഇതിലു്. (1653 –ൽ മലങ്കര വന്നിട്ട് പോർട്ടുഗീസുകാരാൽ കടലിൽ താഴ്ത്തപ്പെട്ട മാർ അഹത്തള്ള ബാവായുടെ പേര് ഇതിലില്ല).

ഇത്രമാത്രം വ്യക്തമായി മലങ്കരസഭ അംഗീകരിച്ചിരുന്ന ഒരു സ്ഥാനപതിയെച്ചൊല്ലിയാണ് 1972 –ൽ കാതോലിക്കോസ് പക്ഷം ബഹളം സൃഷ്ടിച്ചതും നിർഭാഗ്യകരമായ കക്ഷി വഴക്കിന് ശക്തികൂട്ടുന്നതിന് ഗവൺമെന്റ് തലത്തിൽ സ്വാധീനം ചെലുത്തി. അദ്ദേഹത്തെ ഇന്ത്യയിൽ നിന്നും ബഹിഷ്കരിച്ചിരിക്കുകയും ചെയ്തത്.

**കാതോലിക്കായും കൂട്ടരും വേദവിപരീതികൾ തന്നെ!**

മലങ്കരയിൽ സഭ സ്ഥാപിച്ചത് മാർ തോമാശ്ലീഹാ ആണെന്ന് യാക്കോബായ വിഭാഗം വിശ്വസിക്കുകയും 4–ാം തുബ്ദേനിൽ അദ്ദേഹത്തിന്റെ പേര് ഉൾപ്പെടുത്തുകയും ചെയ്തിട്ടു്.
മാർതോമാശ്ലീഹായുടെ പെരുന്നാളുകളും, ഓർമ്മയും പരസ്യാരാധനയിൽ കൊാടിക്കൊ് യാക്കോബായ സഭയാണ്. കാതോലിക്കാ വിഭാഗത്തേക്കാൾ കൂടുതൽ വിശുദ്ധനെ ഓർമ്മിക്കുന്നത്. 1965 –ൽ പരിശുദ്ധപാത്രിയർക്കീസ് ബാവ, ഔഗേൻ ബാവായുടെ ആവശ്യപ്രകാരം മലങ്കരസഭയ്ക്ക് നൽകിയ ശ്ലീഹായുടെ തിരുശേഷിപ്പുകൾ ഇന്ന് എവിടെയാണ് ? മലങ്കരയുടെ ഈ മഹത്തായ നിധിയ്ക്ക് അർഹിക്കുന്ന ബഹുമാനം കാതോലിക്കാ വിഭാഗം നൽകുന്നുാേ? തിരുശേഷിപ്പ് സ്ഥാപനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ഓർമ്മ ആ സഭ ആചരിക്കുന്നുാേ? ദേവലോകം അരമനയുടെ ഒരു മൂലയിൽ സൂക്ഷിച്ചിരിക്കുന്ന മാർതോമാശ്ലീഹായുടെ തിരുശേഷിപ്പുകളോടുള്ള അനാദരവ് മൂലമാണോ മലങ്കരയിൽ ഇതുപോലെ

ഒന്നിന് പുറകെ ഒന്നായി കുഴപ്പങ്ങൾ ഉാകുന്നത്?

ബഹു: അച്ചൻ പേജ് 19–ൽ എഴുതിയിരിക്കുന്ന പള്ളികൂദാശയുടെ ഒന്നാം ക്രമം എവൻ ഗേലിയോൻ മത്തായി 16:13–19 പ്രകാരവും യോഹ: 21:15–18 പ്രകാരവും യേശു മറ്റൊരു ശിഷ്യനോടും അരുളിച്ചെയ്തിട്ടില്ല. 'ശീമോൻ പത്രോസിന്റെ നാമം ചൊല്ലി, അവന്റെ ജീവാത്മാവിൻമേൽ (അൽ ശെമവുൻ കീപ്പോബൻയോ) തന്റെ സഭയെ പണിതു. സ്വർഗ്ഗത്തിന്റെ താക്കോൽ അവന് നൽകി. ഇരുലോകങ്ങളിലും കെട്ടുവാനും അഴിക്കുവാനും അധികാരം കൊടുത്തു. ആടുകളെ മേയ്ക്കുവാൻ ആജ്ഞാപിച്ചു.' ഇപ്രകാരമുള്ള ആത്മീയവും ദൈവീകവുമായ അധികാര കേന്ദ്രമാണ് സഭാസിംഹാസനം. ഒരു വ്യക്തിക്ക് ഒരിക്കലായി നൽകിയ സ്വർഗ്ഗീയ അധികാരപത്രം തന്റെ ഉയർപ്പിന് ശേഷം മാളികയിൽ വെച്ചും സ്വർഗ്ഗാരോഹണമലയിൽ വെച്ചും മറ്റു ശ്ലീഹൻമാർക്കും, യേശുക്രിസ്തു പൗരോഹിത്യം നൽകുവാനും സമൃദ്ധമായി നൽകിയിട്ടു. പൗരോഹിത്യം ഉള്ളിടത്തെല്ലാം സിംഹാസനമില്ല, പൗരോഹിത്യത്തിന്റെ ഏകമായ ഉറവിടസ്ഥാനമാണ്. സിംഹാസനം അത് പത്രോസിനടുത്തത് തന്നെ.

ഓർത്തഡോക്സ് വിഭാഗം കാതോലിക്കാ ആയിരുന്ന മാർത്തോമാ മാത്യൂസ് പ്രഥമൻ ബാവ 1959 –ൽ പ്രസിദ്ധീകരിച്ചിരിക്കുന്ന കുർബ്ബാന ക്രമത്തിൽ ശ്രദ്ധിക്കുക.

കീപ്പാമേൽ മോറാൻ–സ്ഥാപിച്ചാൽ പള്ളി<br>
ഉച്ചത്തിൽ കർദൂ – ശൈലത്തെ വെല്ലും<br>
മേലാകാശത്തിൽ – മേവിടും ശില്പി<br>
പന്തീരാറാകും – സ്തംഭത്തിൽ നിർത്തി

ഓർത്തഡോക്സുകാർ ഇന്നും ഉപയോഗിക്കുന്ന പള്ളികൂദാശാക്രമത്തിൽ പറയുന്ന "പരിശുദ്ധസഭേ! നിനക്ക് ഭാഗ്യം, മുലക്കല്ലായവൻശെമവൂൻ (പത്രോസ്) ഏറ്റുപറഞ്ഞ വിശ്വാസത്തിൻ മേൽ നിന്റെ അടിസ്ഥാനങ്ങൾ സ്ഥിരപ്പെടുത്തിയെന്ന പരിശുദ്ധസഭേ? നീ ഭാഗ്യവതി (ഓർത്തഡോക്സ് പള്ളി കൂദാശാക്രമം 2000, പേജ് 52). യേശുക്രിസ്തുവിന്റെ ഇരുസ്വഭാവവാദത്തെ അനുസ്മരിപ്പിക്കുന്ന ഒരു വേദവിപരീതമാണ് കാതോലിക്ക വിഭാഗം പഠിപ്പിക്കുന്നത്. അതായത് ഏകവിശുദ്ധസഭയുടെ തലവൻ പത്രോസ്, ഓർത്തഡോക്സ് വിഭാഗത്തിന്റെ സഭാസിംഹാസനം തോമാശ്ലീഹായുടെ പേരിൽ ബുധൻ പ്രഭാത പ്രാർത്ഥനയിൽ എല്ലാ ഓർത്തഡോക്സ് പള്ളികളിലും ചെല്ലുന്നു". കീപ്പാപോൽ സഭ തന്നാധാരം .............. പിന്നെ തോമ്മാ സിംഹാസനത്തിന്റെ പ്രസക്തി എന്താണ്?

ഇനി 1980 – ജൂൺ 6–ാം തീയതിയിലെ നിധിയിൽ ജസ്റ്റിസ് ചന്ദ്രശേഖരമേനോൻ ഇപ്രകാരം പറയുന്നു. "മലങ്കരസഭയുടെ സ്ഥാപകൻ എന്ന നിലയിൽ തോമ്മാശ്ലീഹായെ വിശേഷിപ്പിക്കാം. പക്ഷെ ഓർത്തഡോക്സ് സുറിയാനിസഭയുടെ സ്ഥാപകനായി അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത് ചരിത്രപരമായ അവാസ്തവ പ്രസ്താവമായിരിക്കും. മാർത്തോമാശ്ലീഹായിൽ നിന്ന് മലങ്കര സഭയിലേക്ക് വിഘാതം കൂടാതെയുള്ള അപ്പസ്തോലിക പിന്തുടർച്ചയുന്നെ നിഗമനത്തിൽ എത്തിച്ചേരുന്നതിന് മതിയായ രേഖകളൊന്നും ഈ കേസിൽ ഹാജരാക്കിയിട്ടില്ല." "ഇവിടെത്തെ ഓർത്തഡോക്സ് സഭയിലെ കൈവെയ്പ് അന്ത്യോഖ്യാപാത്രിയർക്കീസിന്റേതാണ്, ഇവിടെ കാതോലിക്കേറ്റ് സ്ഥാപിച്ചതും അന്ത്യോഖ്യാപാത്രിയർക്കീസാണ്".

"ഒന്നാം മാർത്തോമ മരിച്ച് അങ്കമാലി പള്ളിയിൽ കബറടക്കപ്പെട്ടു. രാം മാർത്തോമ മരിച്ച് നിരണത്തുള്ള പള്ളിയിൽ കബറടക്കപ്പെട്ടു. മൂന്നാം മാർത്തോമ മരിച്ച് കനാട് പള്ളിയിൽ അടക്കപ്പെട്ടു. ഇവർക്കാർക്കും മാർത്തോമ്മാ ശ്ലീഹായിൽ നിന്നും പിന്തുടർച്ചയായി കൈവെയ്പ് കിട്ടിയിട്ടില്ല."

ഇനി കോതമംഗലത്ത് കബറടക്കിയിട്ടുള്ള എൽദോമാർ ബസ്സേലിയോസ് ബാവയെ തോമായുടെ സിംഹാസനത്തിൽ ആരൂഢനാക്കി ഓർമ്മദിനത്തിലെ സെദറയിൽ തിരുകിക്കയറ്റിയിരിക്കുന്നതും വേദവിപരീതം തന്നെ.

വട്ടശ്ശേരിൽ തിരുമേനി പ്രസിദ്ധീകരിച്ചിരിക്കുന്ന "സുറിയാനി സത്യവിശ്വാസസഭയിലെ മതോപദേശസാരങ്ങളിൽ പറയുന്നു (Printed at MGM Press and Book Dept, Thiruvalla)" "സഭയുടെ പട്ടത്വത്തിനടുത്ത മേലധികാരം അന്ത്യോഖ്യാസിംഹാസനത്തിൽ വാഴുന്ന മോറാൻ മോർ ഇഗ്നാത്യോസ് പാതിയർക്കീസ് ബാവാ തിരുമനസ്സിലേക്ക് ഇരിക്കുന്നതാകുന്നു."

എന്നാൽ 2004 –ൽ പുറത്തിറക്കിരിക്കുന്ന മതോപദേശസാരത്തിൽ (Published by M.G.O.C.S.M Book shop and Publishing House, Kottayam) പറയുന്നു. "സഭയുടെ പട്ടത്വത്തിനടുത്ത മേലധികാരം കാതോലിക്കാ സിംഹാസനത്തിൽ വാഴുന്ന മോറാൻ മോർ കാതോലിക്ക ബാവാ തിരുമനസ്സിലേക്ക് ഇരിക്കുന്നതാകുന്നു."

**ബഹു: അച്ചൻ ഇനി പറയുക സൺഡേസ്കൂൾ വിദ്യാർത്ഥികളെയും, വിശ്വാസികളെയും അസത്യവും വേദവിപരീതവും പഠിപ്പിക്കുന്നത് ആരാണ് ?**

**പാത്രിയർക്കീസും കാതോലിക്കായും സമൻമാരല്ല തന്നെ!**

A.D. 325 –ലെ നിഖ്യാസുന്നഹദോസ് സഭാഭരണക്രമം രൂപീകരിച്ചപ്പോൾ ലോകത്തിന്റെ നാലുദിക്കിൽ നാല് പാത്രിയർക്കീസൻമാരെന്നും അവയിൽ അന്ത്യോഖ്യയുടെ കീഴിൽ വരുന്ന പൗരസ്ത്യർക്ക് മെത്രാൻമാരെ വാഴിക്കാൻ അധികാരം ലഭിച്ച വലിയ മെത്രാപ്പോലീത്താ സ്ഥാനിക്ക് കാതോലിക്കോസ് എന്ന പദവിയും നൽകി. അദ്ദേഹത്തിന്റെ സ്ഥാനപദവി പ്രത്യേക അധികാരപദവി കൂടാതെ ബഹുമതി പാത്രിയർക്കാസ്ഥാനം നൽകപ്പെട്ടയറുശലേം പാത്രിയർക്കീസിനൊപ്പമാണെന്ന് നിഖ്യാതീരുമാനം പറയുന്നു. സഭാപീഡനകാലത്ത് പൗരസ്ത്യ പട്ടണമായ തിഗ്രീസ് ആസ്ഥാനമാക്കി കാതോലിക്കായ്ക്ക് തുല്യനായ അധികാരിയായി മഫ്രിയാന എന്ന സ്ഥാനിയെ നിയമിച്ചു. സുറിയാനി സഭയിൽ അന്ത്യോഖ്യാപാത്രിയർക്കീസിന് കീഴിൽ ഈ സ്ഥാന് പൗരസ്ത്യദേശത്തെ സഭയെ മേയിച്ച് വന്നു. എന്നാൽ പിന്നീട് മഫ്രിയാനാസ്ഥാനം കേവലം ഉപചാരബഹുമതിപദവിയായി പരിമിതപ്പെട്ടപ്പോൾ 1860 –ൽ ഇഗ്നാത്തിയോസ് മാർയാക്കൂബ് ദ്വിതീയൻ പാത്രിയർക്കീസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സുന്നഹദോസ് ഈ സ്ഥാനം സഭയിൽ നിർത്തൽ ചെയ്തു

.പാത്രീയർക്കീസും, കാതോലിക്കോസും സമൻമാരെന്ന് പറയുന്നത് മുഖ്യമന്ത്രിയും, പ്രധാനമന്ത്രിയും സമൻമാരെന്ന് പറയുന്നത് പോലെതന്നെ. തിഗ്രീസിലെ നിർത്തൽ ചെയ്തിരുന്ന കാതോലിക്കാസ്ഥാനമാണ് സ്ഥാനഭ്രഷ്ടനാക്കപ്പെട്ടിരുന്ന പാത്രിയർക്കീസിനെക്കൊ് മലങ്കരയിൽ അകാനോനികമായി സ്ഥാപിച്ചതെന്ന് വ്യക്തം.

മലങ്കരസഭ പരിപൂർണ്ണസ്വതന്ത്രസഭ ആണെന്ന് സുപ്രീം കോടതി പറഞ്ഞിട്ടുാ ? ബഹു: അച്ചൻ എപ്പോഴും പറയുന്നു. 1958 –ൽ പാത്രിയർക്കീസ് വിഭാഗം നിൽക്കക്കള്ളിയില്ലാതെ യോജിപ്പിന് തയ്യാറായി എന്ന്. എന്നാൽ 1958 –ന് മുമ്പുായിരുന്ന എല്ല സമുദായകേസുകളുടെയും വിജയം പാത്രിയർക്കീസ് വിഭാഗത്തിനായിരുന്നില്ലേ? 1958 –ൽ വിധി വരുന്നതിന് മുൻപ് തന്നെ 1957 നവംബർ 11 ന് No. 82 ആയി എഴുതപ്പെട്ട യാക്കൂബ് തൃതിയൻ പാത്രിയർക്കീസിന്റെ അനുരഞ്ജന കല്പന അദ്ദേഹത്തിന്റെ മഹാമനസ്കതയെ അല്ലേ കാണിക്കുന്നത്. കോടതിച്ചെലവ് വേന്ന് വെച്ചു എന്നൊക്കെപ്പറയുന്നതിന്റെ മഹാമനസ്കതയിലേക്ക് കടക്കുന്നില്ല. 1960 ജൂൺ 17 –ലെ നമ്പർ 61/60 കല്പനയുടെ (ബസേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാബാവയുടെത്) കാരണങ്ങളിലേക്ക് നോക്കിയാൽ ഈ മഹാമനസ്കത മനസ്സിലാക്കാവുന്നതാണ്.

മലങ്കര സഭയും , അന്ത്യോഖ്യാ സിംഹാസനവും തമ്മിലുള്ള ബന്ധം എന്താണ് ? മലങ്കര സഭ സ്വതന്ത്ര സഭ ആണോ ? 1995 ലെ സുപ്രീം കോടതി വിധി മാത്രം ശ്രദ്ധിക്കുക. 'Partriarch remains the supreme head of the syrian church of which the Malankara Church is a division . He is spiritually supreme to the catholicose' (page 72) കാതോലിക്കായുടെ സ്ഥാനമോ? കോടതി പറയുന്നു 'Within the jurisdiction of Partriarch of Anthioch was established another office viz. , the great Metropolitan of the East, also known as Catholicose' (Page 2)

11. ഭൂരിപക്ഷത്തിന് പള്ളികൾ വിട്ടുകൊടുക്കുക : ഓർത്തഡോക്സ് വിഭാഗമൊഴികെയുള്ള കേരളത്തിലെ എല്ലാ സമുദായ വിഭാഗങ്ങളും പറയുന്ന കാര്യമാണിത്. ഇപ്പോഴത്തെ 10C കാതോലിക്ക ദിദിമോസ് പ്രഥമൻ മലബാർ ഭദ്രാസനത്തിൽ വിജയകരമായി നടപ്പിൽ വരുത്തിയ സംഗതിയുമാണിത് ഓർത്തഡോക്സ് വിഭാഗത്തിന്റെ നയാപൈസ പോലും യാക്കോബായക്കാർക്ക് ആവശ്യവുമില്ല.

12. **പള്ളി ഇടവകക്കാരുടെ വകയാണോ** ? 1995 ലെ SC വിധിന്യായത്തിൽ പറയുന്നു " no declaration can be granted affecting the rights of the parish churches ... nor it be declared that the properties held by Malankara Parish churchers vest in the Catholicose or the Malankara Metropolitan or the Metropolitan of the concerned diocese as the case may be" (P.14 ) അതായത് ഇടവക പള്ളിയുടെ സ്വത്തുക്കളിൻമേൽ മലങ്കര മെത്രാപ്പൊലീത്തക്കോ ഭദ്രാസനമെത്രാപ്പൊലീത്തക്കോ ഒരവകാശവുമില്ലെന്ന്, അതിനാൽ ഇടവകപ്പള്ളികളെ വെറുതെ വിടുക. സഭാമാതാവിന്റെയാണെന്നുള്ള ഇടയനാലച്ചന്റേയോ കോനാട്ടച്ചന്റേയോ കുഞ്ഞുങ്ങളുടേയോ പുതിയ നിർവചനങ്ങളൊന്നും വേ. ഇടവകപ്പള്ളികൾ, ഇടവകക്കാരുടെ തന്നെ .

13. കാലുമാറിയവർ ആരാണ് ? ആരാണ് സത്യവിശ്വാസത്തിന് വേ നിൽക്കുന്നവർ ? പ്രിയ ഓർത്തഡോക്സുകാരാ, താങ്കൾ തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നു. 1980 ന് മുൻപ് ഇവിടെ ഒരു ഇൻഡ്യൻ ഓർത്തഡോക്സ് സഭ ഉായിരുന്നുവോ? 1970 ൽ സഭയുടെ അവസ്ഥ എന്തായിരുന്നു ? 1970 Dec 31 ന് വട്ടക്കുന്നേൽ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവ നിയുക്തനായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ നടത്തിയ പ്രസംഗം മനോരമ റിപ്പോർട്ട് ചെയ്തിരുന്നു. അദ്ദേഹം പറഞ്ഞു. 'മൂന്ന് പുരാതന സുന്നഹദോസുകൾ അംഗീകരിച്ച് സ്ഥാപിക്കട്ടെ നാലു പാത്രിയാർക്കാ ആസ്ഥാനങ്ങളാണ് റോം, കോൺസ്റ്റാന്റിനോപ്പിൾ, അലക്സാൻഡ്രിയ , അന്ത്യോഖ്യാ. ഇവയിൽ ഏറ്റവും പുരാതനമായ അന്ത്യോഖ്യായോടാണ് നമ്മുടെ സഭ ബന്ധപ്പെട്ടിരിക്കുന്നത്. ആ ബന്ധം നമ്മുടെ സഭ നിലനിർത്തണമെന്നുള്ളത് മുൻ പാത്രിയാർക്കീസ് പക്ഷത്ത് നിന്നവരുടെ മാത്രം ആഗ്രഹമാണെന്ന് വല്ലവരും ധരിച്ചിട്ടുങ്കിൽ അത് സർവ്വാബദ്ധമാണ് "

ഔഗേൻ കാതോലിക്കാ ബാവയുടെ 1934 ലെ സത്യ പ്രതിജ്ഞയും വായിച്ച് നോക്കുക.

1876 ലെ മുളന്തുരുത്തി സുന്നഹദോസ് വരെ ‘ മലങ്കര സഭ’ സുറിയാനി ഓർത്തഡോക്സ് സഭയുടെ ഒരു ഭദ്രാസനം മാത്രമായിരുന്നു. 1912 ലെയോ, 1964 ലെയോ, കാതോലിക്കേറ്റ് വാഴ്ച സമയത്ത്, മലങ്കര സഭ സ്വതന്ത്രമാണെന്ന് പറഞ്ഞിട്ടില്ല. ഔഗേൻ ബാവ , 1972 Sep. 26 –ാം തീയതി UNI ക്ക് നൽകിയ അഭിമുഖത്തിൽ സഭ സ്വതന്ത്ര സഭ ആണെന്ന് പറയുന്നത് വരെ സഭയിൽ പ്രശ്നങ്ങളുമില്ലായിരുന്നു. അതിനാലാണ് സുപ്രീം കോടതി പറഞ്ഞത് 1.1.1971 ന് മുമ്പുായിരുന്ന അവസ്ഥയിലേക്ക് തിരിച്ച് പോകണമെന്ന് . കാലു മാറിയവരും സത്യ വിശ്വാസത്തിന് വേി നിലകൊള്ളുന്നവരും ആരാണെന്ന് മനസ്സിലായിക്കാണുമല്ലോ? അല്ലേ .

14. മലങ്കര സഭയുടെ ശരിയായ പേര് : യാക്കോബായ സഭയെന്ന് കാത്തോലിക്കർ കളിയാക്കി വിളിക്കുന്നതല്ലേ എന്നാണ് പാമ്പാക്കുട വാറോലയിലെ അടുത്ത ചോദ്യം. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ എന്നാണത്രെ ശരിപ്പേര്. എങ്കിൽ എന്തിനാണ് സഹോദരങ്ങളെ 2008 ലെ പാമ്പാക്കുട അസോസിയേഷനെക്കുറിച്ചുള്ള കല്പനയുടെ സീലിനുള്ളിൽ ‘യാക്കോബായ’ എന്ന പദം സുറിയാനി ഭാഷയിൽ ഒളിപ്പിച്ച് വച്ചിരുന്നത്? വെറുതെ മലർന്ന് കിടന്ന് തുപ്പരുത്. അത് അവനവന്റെ തലയിൽ തന്നെ വീഴും. ക്രിസ്ത്യാനികൾ എന്ന് അന്ത്യോഖ്യായിൽ വച്ച് മറ്റുള്ളവർ കളിയാക്കി വിളിച്ചതാണല്ലോ S.S. L.C. ബുക്കിൽ Religion എന്ന കോളത്തിന് നേരെ നിങ്ങളും എഴുതിയിരിക്കുന്നത് ! ഒരു വ്യക്തിയുടെ പേരിൽ സഭ അറിയപ്പെടാൻ പാടില്ലത്രെ. ക്രിസ്തു ഒരു വ്യക്തി കൂടിയായിരുന്നുവല്ലോ? സഭയുടെ പേര് ശരിയായി പറയാൻ കഴിയാത്തതിലുള്ള സങ്കടം മാറിയിരിക്കുമല്ലോ അല്ലേ ?

15. Part, Division – മലങ്കര സഭ, സിറിയൻ ഓർത്തഡോക്സ് സഭയിൽ നിന്നും വേറിട്ട് നിൽക്കുന്നു എന്ന് കാണിക്കാൻ ഈ രു വാക്കുകളെക്കറിച്ച് ഇടയനാലച്ചൻ പറഞ്ഞിരിക്കുന്നത് പാമ്പാക്കുടയിലെ കുഞ്ഞുങ്ങളും കോപ്പിയടിച്ച് വെച്ചിട്ടു്. ഈ ഭാഷാ കസർത്തുകളെക്കുറിച്ച് വിശദീകരിക്കുന്നില്ല. എന്നാൽ പരിശുദ്ധ പാത്രിയാർക്കീസ് ബാവായുടെ സ്ഥാനാരോഹണ വാർഷികത്തോടനുബന്ധിച്ച് 1968 ഒക്ടോബർ മാസത്തിൽ ‘ചർച്ച് വീക്കിലി ’ എഴുതിയ മുഖ പ്രസംഗത്തിലെ ഏതാനും ചില ഭാഗങ്ങൾ താഴെ ഉദ്ദരിക്കുന്നു. ‘ലോകമൊട്ടുക്കുമുള്ള സിറിയൻ ഓർത്തഡോക്സ് സഭയുടെ ഒരു ഭാഗമായ മലങ്കരസഭയ്ക്കും ഈ ദിനം യഥോചിതം ആചരിക്കുവാൻ ബാധ്യതയു്.’ മുഖപ്രസംഗത്തിൽ വീും പറയുന്നു ‘ മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിന് വേയാണ് കാതോലിക്കാ പക്ഷം പടവെട്ടിയതെന്നും അന്ത്യോഖ്യാ പാത്രിയാർക്കീസുമായുള്ള ബന്ധം വളരെ സൂക്ഷിച്ച് വേണമെന്നും കരുതുന്നവർ ഇന്നും സഭയിലു്. സഭയുടെ സ്വാതന്ത്ര്യം എന്നു പറയുന്നതിന് രാഷ്ട്രീയമായ അർത്ഥമല്ല കല്പിക്കേത്’. ‘ഏതായാലും അന്ത്യോഖ്യാ സഭയുമായുള്ള ബന്ധമാണ് മലങ്കര സഭയുടെ പുരാതനത്വത്തിനും മഹിമയ്ക്കുമുള്ള ഒരു ആധാരമെന്നുള്ളത് ഒരു വസ്തുതയാണ്. മലങ്കര സഭ ഇപ്പോൾ സുറിയാനി സഭയുടെ ഒരു ഭാഗവുമാണ് ”. ഭാഗമായിട്ടാണോ വിഭാഗമായിട്ടാണോ മലങ്കര സഭ നിലനിന്നിരുന്നതെന്ന് ഇപ്പോൾ മനസിലായിക്കാണുമല്ലോ ?

### 2002 ലെ പുത്തൻകുരിശ് അസോസിയേഷൻ

1995 ലെ ബഹു. സുപ്രിം കോടതി വിധിക്ക് ശേഷം 08-04-1997 ൽ മലങ്കര യാക്കോബായ സുന്നഹദോസ് പ്രസിഡന്റായിരുന്ന കാലംചെയ്ത പെരുമ്പിള്ളിൽ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത, സഭകൾതമ്മിലുള്ള അനുരജ്ഞനത്തെക്കുറിച്ച് ആലോചിക്കുവാൻ കത്ത് അയച്ചപ്പോൾ, അതിന് മറുപടിയായി No 52/97 തീയതി 21-04-1997 പ്രകാരം മാർത്തോമ മാത്യൂസ് ദ്വിതിയൻ കാതോലിക്ക അയച്ച കത്തിൽ ഇങ്ങനെ ആവശ്യപ്പെടുന്നു. ‘immediately inform me in writing your submission to me as the Catholicose of the East and Malankara Metropolitan’. ഇത്തരം ധിക്കാര ധാർഷ്ട്യ അധികാര പ്രമത്തതയുടേയും, വിജയ സ്വാർത്ഥതയുടേയും മനസ്ഥിതിയിലല്ലേ പരുമലയോഗക്രമീകരണങ്ങൾ ചെയ്തത്.? എന്തുകൊ് ബഹിഷ്കരിക്കേിവന്നു എന്ന് വ്യക്തമാക്കിയരേഖകൾ അന്നേ പ്രസിദ്ധീകരിച്ചിട്ടുള്ളതും മറുപടിയില്ലാത്തവിധം വ്യക്തമാക്കിയിട്ടുള്ളതുമാണ്.

ബഹുമാനപ്പെട്ട ഇടയനാലച്ചാ, കോനാട്ടച്ചാ, ഞങ്ങളുടെ കാർന്നോൻമാർ പകർന്നു തന്ന സത്യ വിശ്വാസം എന്താണെന്ന് ഇതിനോടകം ബോധ്യമായിക്കാണുമല്ലോ ? ശെമ്മാശ്ശനായും കശ്ശീശ്ശാ ആയും , മെത്രാപ്പൊലീത്ത ആയും, കാതോലിക്ക ആയും ഉയർത്തപ്പെടുമ്പോൾ ഏറ്റു പറയുന്ന പ്രതിജ്ഞാ വാചകങ്ങൾ മന:പൂർവ്വം വിസ്മരിച്ചുകൊ് നപുംസകങ്ങളെപ്പോലും നാണിപ്പിക്കുന്ന രീതിയിൽ മറുകം ചാടിയ പലരും ഇന്ന് മലങ്കര ഓർത്തഡോകസ് സഭയുടെ അലങ്കാരങ്ങളാണ്. ആ തൊഴുത്തിലേക്ക് ഈ ആടുകൾക്ക് താൽപ്പര്യമില്ല. ശ്രേഷ്ഠബാവയെ ; ‘തോമസച്ചൻ’ എന്ന് നിങ്ങളുടെ വാറോലയിൽ എഴുതുവാൻ മാത്രം ആത്മീയാഹങ്കാരം നിങ്ങൾ കണിച്ചുവല്ലോ, നിങ്ങളെ ദൈവം അനുഗ്രഹിക്കട്ടെ.

അവസാനമായിട്ട് ഇത്രയും പറയുന്നു. അനുരജ്ഞനങ്ങൾക്കും സമാധാനത്തിനും യാക്കോബായക്കാർ എന്നും തയ്യാറാണ്. അതിന്, പള്ളിയിൽ കയറുന്നതിന് സംരക്ഷണം ആവശ്യപ്പെട്ട് കേസ്, പള്ളിയുടെ സ്വത്തിന് വേി കേസ്, പാത്രിയാർക്കീസ് ബാവക്കെതിരെ കേസ്, പള്ളി പൊതുയോഗം വിളിക്കുന്നതിനെതിരെ കേസ്, ഈ ദൃശ്യപ്രവർത്തികളിൽ നിന്നും ഓർത്തഡോക്സ് വിഭാഗം വിട്ടുനിൽക്കണം. സകല ബുദ്ധിയേയും കവിയുന്ന ദൈവത്തിന്റെ സമാധാനം ഇരു സഭകളിലും നിറയട്ടെ എന്ന് പ്രാർത്ഥിച്ചുകൊ് നിർത്തുന്നു.

കടപ്പാട്

1. ഡോ. സി. എ. നൈനാൻ തിരുവനന്തപുരം
2. V. Rev. മൂലയിൽ കുര്യാക്കോസ് കോർ എപ്പിസ്ക്കോപ്പ.
(വിവിധ പുസ്തകങ്ങൾ)

ബിജു കെ. വർഗീസ്
പാലച്ചുവട്, മുളക്കുളം നോർത്ത്,
പിറവം, Ph. 9447467550